## പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ - ശ്രീമതി: പി.മേരിക്കുട്ടി ഐ.എ.എസ്)**

വിഷയം - പഞ്ചായത്ത് വകുപ്പ് - ഭരണജാഗ്രത – കൊല്ലം ജില്ല - കുലശേഖരപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ശ്രീരാജിനെ അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം- 1. കുലശേഖരപുരം ഗ്രാമപഞ്ചായത്ത് പ്രസിഡൻറിൻെറ 10.05.2018 ലെ പരാതി

2. 2007-ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽ പരമായ ബന്ധവും പെരുമാറ്റവും) ചട്ടങ്ങൾ.

## ഉത്തരവ് നമ്പർ ഡി 6- 15808/18 തീയതി. 15.05.2018

കൊല്ലം ജില്ലയിലെ കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി ശ്രീ.ആർ.ശ്രീരാജ്, 7/5/2018 ൽ പ്രസിഡൻറ് ശ്രീമതി.ശ്രീലേഖകൃഷ്ണകുമാറിൻെറ ക്യാബിനിലേക്ക് കടന്ന് ചെല്ലുകയും അധിക്ഷേപിക്കുകയും പൊതുജനങ്ങളുടേയും മറ്റ് ഗ്രാമപഞ്ചായത്ത് അംഗങ്ങളുടേയും ജീവനക്കാരുടേയും മുന്നിൽ വച്ച് സഭ്യേതരമായ പദപ്രയോഗങ്ങൾ നടത്തുകയും ചെയ്തതായി പരാമർശം (1) പ്രകാരം പ്രസിഡൻറ് ആരോപണം ഉന്നയിച്ച് പരാതി നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെന്ന നിലയിൽ ശ്രീ.ആർ.ശ്രീരാജിൻെറ മേൽ പ്രവൃത്തികൾ 2007 ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽ പരമായ ബന്ധവും പെരുമാറ്റവും) ചട്ടങ്ങളുടെ ലംഘനമാണ്.ജനപ്രതിനിധികളുടേയും ,ജീവനക്കാരുടേയും പൊതുജനങ്ങളുടേയും മദ്ധ്യത്തിൽ പ്രസിഡൻറിനെ അപമാനിക്കുകയും അധിക്ഷേപിക്കുകയും ചെയ്ത സെക്രട്ടറിയുടെ നടപടികൾ കടുത്ത അച്ചടക്കലംഘനമായി കാണുന്നു.

മേൽ സാഹചര്യത്തിൽ അച്ചടക്കനടപടിയുടെ ഭാഗമായി സെക്രട്ടറി ശ്രീ.ആർ.ശ്രീരാജിനെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ടിയാന് നിയമാനുസരണമുള്ള ഉപജീവനബത്തക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

**പി.മേരിക്കുട്ടി.ഐ.എ.എസ്**
**പഞ്ചായത്ത് ഡയറക്ടർ**

ശ്രീ.ആർ.ശ്രീരാജ്
സെക്രട്ടറി, കുലശേഖരപുരം ഗ്രാമപഞ്ചായത്ത്

പകർപ്പ് 1.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കൊല്ലം
(ഉത്തരവ് ഉടൻ നടപ്പിൽ വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതും സെക്രട്ടറി യുടെ ചുമതല മാറ്റി നൽകേണ്ടതുമാണ്.)
2. സെക്രട്ടറി,കുലശേഖരപുരം ഗ്രാമപഞ്ചായത്ത്
3. സൂപ്രണ്ട് ഇ സെക്ഷൻ
4,.കരുതൽ /അധികം

**// ഉത്തരവിൻ പ്രകാരം //**

**സൂപ്രണ്ട്**